ആർട്സ് ആന്റ് സയൻസ് കോളേജുകൾക്ക് സ്വയംഭരണ പദവി

5 (3722) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ ആർട്സ് ആന്റ് സയൻസ് കോളേജുകൾക്കാണ് സ്വയംഭരണ പദവി അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ;

(ബി) ചില സ്വകാര്യ സ്വയംഭരണ കോളേജുകൾ യാതൊരു മാനദണ്ഡവും പാലിക്കാതെ വിദ്യാർത്ഥി പ്രവേശനം നടത്തുന്നകാര്യം പരിശോധിച്ചിരുന്നോ ;

(സി) ഇത്തരം സ്ഥാപനങ്ങളിൽ വിദ്യാർത്ഥി പ്രവേശനത്തിനായുള്ള മാനദണ്ഡങ്ങൾ പ്രസിദ്ധപ്പെടുത്തുമോ ; അപേക്ഷ നൽകുന്ന വിദ്യാർത്ഥികളുടെയും പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികളുടെയും ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുന്നുവെന്ന് ഉറപ്പാക്കാൻ നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) 11 കോളേജുകൾക്ക് യു.ജി.സി. സ്വയംഭരണ പദവി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത കോളേജുകളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു:

1. മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം
2. ഫാത്തിമ മാതാ നാഷണൽ കോളേജ്, കൊല്ലം
3. സെന്റ് ബെർക്ക്മാൻസ് കോളേജ്, ചങ്ങനാശ്ശേരി
4. സെന്റ് തെരേസാസ് കോളേജ്, എറണാകുളം
5. സേക്രട്ട് ഹാർട്ട് കോളേജ്, തേവര, എറണാകുളം
6. രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, എറണാകുളം
7. മഹാരാജാസ് കോളേജ്, എറണാകുളം
8. സെന്റ് തോമസ് കോളേജ്, തൃശ്ശൂർ
9. എം.ഇ.എസ് കോളേജ്, മമ്പാട്
10. ഫറൂക്ക് കോളേജ്, കോഴിക്കോട്
11. സെന്റ് ജോസഫ്സ് കോളേജ്, ദേവഗിരി, കോഴിക്കോട്

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സർക്കാർ/എയ്ഡഡ് കോളേജുകളിൽ വിദ്യാർത്ഥി പ്രവേശനത്തിന് നിലനിൽക്കുന്ന അതേ മാനദണ്ഡങ്ങൾ തന്നെയാണ് സ്വയംഭരണ കോളേജുകളിലെ വിദ്യാർത്ഥികളുടെ പ്രവേശനത്തിനും പരിഗണിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly